ആലുവ നിയമസഭ വാരാപ്പുഴ		
നിയോജക മണ്ഡലം ഗാമപഞ്ചായത്ത്	2012	2665
കുടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്	2795	5260
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്	1725	3229
എടത്തറ ഗ്രാമ പഞ്ചായത്ത്	2947	3289
കീഴ്മാട് ഗ്രാമ പഞ്ചായത്ത്	2358	2936

ഗ്രാമീണ സഡക് യോജന പ്രകാരം മാനന്തവാടി ബ്ലോക്കിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പദ്ധതി

179 (1649) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ സഡക് യോജന പ്രകാരം മാനന്തവാടി ബ്ലോക്കിൽ നിന്നും നിർദ്ദേശിക്കപ്പെട്ട യാതൊരു പ്രവൃത്തിയും നടപ്പിലാക്കാൻ കഴിയാതെവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 2008-09 ഏഴാം ഘട്ടം സാമ്പത്തിക വർഷം വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ നിന്നും നിർദ്ദേശിച്ച 9 പ്രവൃത്തികളിൽ 4 റോഡുകൾക്ക് ആദ്യ ഗഡുവായി കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചു. ടി പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടും യോഗ്യരായ കരാറുകാരെ ലഭിച്ചിട്ടില്ല. ബാക്കി 5 റോഡുകൾക്ക് രണ്ടാം ഗഡുവായി 2010 സെപ്തംബറിലാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ 9 പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly